Deshabhimani 25-10-18, P-02

# ജില്ലയിൽ കൃഷിച്ചെലവ് സർവേ തുടങ്ങി

**വിവരങ്ങളെ അടിസ്ഥാനമാക്കിയ റിപ്പോർട്ട് വകുപ്പ് ഡയറക്ടറേറ്റിൽ തയ്യാറാക്കും**

**തൃശൂർ**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയ കൃഷിച്ചെലവ് സർവേ ജില്ലയിൽ ആരംഭിച്ചു. സർവേയുടെ ഔപചാരിക ഉദ്ഘാടനം ജില്ലാതലത്തിൽ ജില്ലാ പ്ലാനിങ് ഓഫീസർ ഡോ. എം സുരേഷ്കുമാർ നിർവഹിച്ചു.

പ്രധാന കാർഷികവിളകൾ ഒരേക്കർ സ്ഥലത്ത് കൃഷി ചെയ്യുമ്പോൾ കർഷകന് ശരാശരി ചെലവ് കണക്കാക്കുക എന്നതാണ് സർവേയുടെ ലക്ഷ്യം. നെല്ല്, ഏത്തവാഴ, മരച്ചീനി, തെങ്ങ്, കമുക്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വള്ളിപ്പയർ, പാവൽ തുടങ്ങിയ വിളകളാണ് ഈ സർവേയിൽ പഠന വിധേയമാക്കുന്നത്. പ്രസ്തുത വിളകൾ കൃഷി ചെയ്യുന്ന കർഷകരെ റാന്റം രീതിയിൽ തെരഞ്ഞെടുക്കും.

വകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥർ തെരഞ്ഞെടുത്ത കർഷകരെ നേരിൽ കണ്ട് പ്രസ്തുത വിളകൾ കൃഷി ചെയ്യുന്നതിന് വേണ്ടിവരുന്ന ചെലവുകളെ സംബന്ധിച്ച വിശദാംശങ്ങൾ ഈ സർവേയിലൂടെ ശേഖരിക്കും. വിവരങ്ങളെ അടിസ്ഥാനമാക്കിയ റിപ്പോർട്ട് വകുപ്പ് ഡയറക്ടറേറ്റിൽ തയ്യാറാക്കും.

ഹോൾഡിങ്ങുകളുടെ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ചെറുത്, ഇടത്തരം, വലുത് എന്നീ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെട്ട കർഷകരെ ലഭിക്കത്തക്ക വിധം തെരഞ്ഞെടുപ്പ് നടത്തും. നെല്ലിന്റെ സ്ഥിതിയിൽ ചെറുത് ഒരേക്കറിൽ താഴെ വിസ്തൃതിയും ഇടത്തരം ഒരു ഏക്കറിന് മുകളിലും അഞ്ചേക്കർ വിസ്തൃതിക്ക് താഴെയും അഞ്ചേക്കറിന് മുകളിലുള്ളത് വലുത് എന്ന വിഭാഗത്തിലും പെടുത്തും.

മറ്റു വിളകളാണെങ്കിൽ ചെറുത് 50 സെന്റ് വരെയും ഇടത്തരം 50 സെന്റ് മുതൽ 2 ഏക്കർ വരെയും വലുത് 2 ഏക്കറിന് മുകളിലുള്ള വിഭാഗത്തിലും പെടും. 2019 ജൂൺ 30 വരെയാണ് സർവേയുടെ കാലാവധി.

ദേശീയസംസ്ഥാന വരുമാന നിർണയത്തിനും കാർഷികവിളകളുടെ താങ്ങുവില നിർണയിക്കുന്നതിനും പ്രൈസ് കമീഷന്റെ വിവിധ ആവശ്യങ്ങൾക്കും കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൃഷിച്ചെലവ് സർവേ ഫലങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ എ പി ഷോജൻ അധ്യക്ഷനായി.

ജില്ലാ ഓഫീസർ കെ ടി ലേഖ സംസാരിച്ചു. രാധ കെ പി സ്വാഗതവും ടി എസ് സുരേഷ് നന്ദിയും പറഞ്ഞു. മുകുന്ദപുരം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ എം ജെ ജസ്റ്റിൻ ക്ലാസെടുത്തു.